ഉത്തരം

(എ) വയ്യാങ്കര് ചിറയിലെ ടൂറിസം പദ്ധതിക്കാവശ്യമായ സ്ഥലം ഉടനടി ലഭ്യമാക്കുവാൻ ഡി.റ്റി.പി.സി. ചെയർമാൻ കൂടിയായ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

കാപ്പാട്—തുഷാരഗിരി റോഡിന്റെ പണി ആരംഭിക്കാൻ നടപടി

89 [1986] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ കാപ്പാട്—തുഷാരഗിരി റോഡിന്റെ പണി ആരംഭിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്:

(സി) പ്രസ്തുത റോഡിന്റെ ഓരോ റീച്ചും എത്ര കി.മീറ്ററാണെന്നും ഓരോന്നിനുമുള്ള എസ്റ്റിമേറ്റ് തുക എത്ര വീതമാണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത റോഡ് ഏതെല്ലാം പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നു എന്ന് രൂട്ടുസഹിതം വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ ഒരു എസ്റ്റിമേറ്റ് ഈ വകുപ്പിന് സമർപ്പിച്ചിരുന്നു. എന്നാൽ വളരെ ഉയർന്ന ചെലവ് പ്രതീക്ഷിക്കുന്ന ടി റോഡിന്റെ വികസനം ഏറ്റെടുക്കാൻ ടൂറിസം വകുപ്പിന് കഴിയില്ല.

(ബി) ഇതിനായി ആദ്യപകുതിയായി 13 കോടി രൂപയുടെ എസ്റ്റിമേറ്റും രണ്ടാം പകുതിയായി 23 കോടി രൂപയുടെ എസ്റ്റിമേറ്റും ആണ് പി. ഡബ്ല്യു. ഡി. തയ്യാറാക്കിയിട്ടുള്ളത്.

(സി, ഡി) പദ്ധതി ഏറ്റെടുക്കാൻ കഴിയാത്തതിനാൽ വിശദാംശങ്ങൾ പരിശോധിച്ചിട്ടില്ല.

വിനോദസഞ്ചാരികളെ രക്ഷിക്കുന്നതിന് സംവിധാനം

90 [1987] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്ത് വിനോദ സഞ്ചാരികൾ നിരന്തരമായി അപകടത്തിൽപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly